# വ്യാപാരിക്ഷേമനിധി ബോർഡ്

കേരള വ്യാപാരി ക്ഷേമനിധി ബോർഡ് 27.01.1992 ലെ ജി.ഒ. (പി) 16/92/ടി.ഡി.പ്ര കാരം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാനത്തെ വ്യാപാരികൾക്ക് ആശ്വാസം നൽകു ന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായിട്ടാണ് ബോർഡ് രൂപീക രിച്ചിട്ടുള്ളത്.

വില്പന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കുകയോ ലോക്കൽ അതോ റിറ്റി (കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്) യിൽ നിന്ന് ലൈസൻസ് എടുക്കു കയോ ചെയ്തിട്ട് ഒരു വർഷമായി വ്യാപാരം നടത്തിക്കൊണ്ടിരിക്കുന്നവർക്കു മാത്രമേ ഇതിൽ അംഗങ്ങളാകാൻ അർഹതയുള്ളൂ. പങ്കു കച്ചവടക്കാർക്ക് (പാർട്ണർഷിപ്പ് ഫേം) ഓരോ പങ്കുകാരനും പ്രത്യേകം പ്രത്യേകം അപേക്ഷ കൊടുത്ത് അംഗത്വം സ്വീകരിക്കാ വുന്നതാണ്. കമ്പനിയോ സൊസൈറ്റിയോ മറ്റ് അംഗങ്ങളോ ഇതിൽ അംഗങ്ങളാകാൻ അർഹരല്ല.

കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ സംഭാവന, പ്രധാന മന്ത്രിയുടെയും മുഖ്യമ ന്ത്രിയുടെയും ദുരിതാശ്വാസ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുകകൾ, വിവിധ വ്യാപാരി വ്യവസായി സംഘടനകളിൽ നിന്നുമുള്ള സംഭാവന, അംഗങ്ങളുടെ പ്രവേശന ഫീസ്, വാർഷിക വരിസംഖ്യ ഗവൺമെന്റിന്റെ അനുവാദത്തോടു കൂടിയുള്ള മറ്റു മാർഗ്ഗങ്ങൾ ഇവയാണ് ഫണ്ട് സമാഹരണത്തിന് ഉദ്ദേശിച്ചിട്ടുള്ളത്.

ഈ ക്ഷേമ നിധിയുടെ ലക്ഷ്യങ്ങൾ പ്രധാനമായും പ്രകൃതി കോപം കൊണ്ടോ അക്ര മങ്ങൾ കൊണ്ടോ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകു ക, മരിച്ചുപോയ അംഗങ്ങളുടെ കുടുംബത്തെ സഹായിക്കുക, പ്രത്യേക സാഹചര്യങ്ങ ളിൽ അംഗങ്ങൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ വൈദ്യസഹായം നൽകുക, അംഗങ്ങളുടെ കുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്ക് പണം കടം നൽകുക, ബോർഡ് തീരുമാനിക്കുന്ന മറ്റ് ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുക എന്നിവയാ ണ്. കൂടാതെ 01.04.2009 മുതൽ 60 വയസ്സു കഴിഞ്ഞതും പത്തു വർഷം തുടർച്ചയായി ക്ഷേമനിധി അടച്ചവർക്കും പെൻഷൻ നൽകിവരുന്നു. 01.04.2009 ൽ വ്യാപാരികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുകയുണ്ടായി. വ്യാപാരിക്ഷേമ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്.

അംഗങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും മാത്രമേ ഈ ക്ഷേമനിധിയിൽ നിന്നുള്ള ആനൂകൂല്യങ്ങൾക്ക് അർഹതയുള്ളൂ.

മേൽപ്പറഞ്ഞവയിൽ മരണപ്പെട്ട അംഗത്തിന്റെ അവകാശികൾക്ക് മരണാനന്തര ആനൂകൂല്യം കടകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള എക്സ്ഗ്രേഷ്യാ ആനുകൂല്യം

ഇവ മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളു. ഇവയക്കു പുറമേ 09.10.2009 ലെ ജി.ഒ. (ആർ.ടി) നമ്പർ 900/09/ടി.ഡി. പ്രകാരം പുതുക്കി നിശ്ചയിച്ച പ്രവേശനഫീസും വാർഷിക വരിസംഖ്യയും താഴെപ്പറയും പ്രകാരമാണ്.

നിലവിൽ വ്യാപാരിക്ഷേമ ബോർഡിൽ 70000 ൽ അധികം അംഗങ്ങളും, 10000 ത്തിലധികം പെൻഷണേഴ്സുമുണ്ട്. ബോർഡിന്റെ സ്വന്തമായ വരുമാനമായ അംഗത്വ പുതുക്കൽ ഇനത്തിൽ 1.50 കോടിയാണു വരവ്. സർക്കാരിൽ നിന്നും ലഭിക്കന്ന ഗ്രാന്റ് കൊണ്ടാണ് കാര്യങ്ങൾ നടന്നുപോകുന്നത്. എന്നിരുന്നാലും പെൻഷൻ മരണാനന്തര ആനുകൂല്യങ്ങൾ കുടിശ്ശികയായി കിടക്കുന്നു എന്നുള്ളത് വസ്തുതയാണ്. ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി കൂടുതൽ അംഗങ്ങളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി 2015–16 സാമ്പത്തിക വർഷം എല്ലാ ജില്ലകളിലും ക്ഷേമനിധി അംഗത്വ കാമ്പയിൻ നടത്തുവാനും അംഗത്വ അപേക്ഷയും ഫീസും ലഭിക്കുന്ന മുറയ്ക്ക് അവിടെ വച്ച് തന്നെ അംഗത്വ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നതാണ്. അതോടൊപ്പം എല്ലാ വാറ്റി രജിസ്ട്രേഷനുള്ള വ്യാപാരികളേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുവാൻ ബോർഡ് തീരുമാനിക്കുകയും, അതിന്റെ ഭാഗമായി ബോർഡ് ചെയർമാനും ധനകാര്യമന്ത്രിയുടമായ ശ്രീ. കെ.എം. മാണിസാർ, വാണിജ്യ നികുതി കമ്മീഷണറോട് കച്ചവടക്കാർക്ക് വാറ്റ് രജിസ്ട്രേഷൻ പുതുക്കുന്നതോടൊപ്പം ക്ഷേമനിധി വരിസംഖ്യയും, ഇപെയ്മെന്റായി അടയ്ക്കുന്നതിലേക്കുള്ള നിയമന നടപടികൾ എടുക്കുന്നതിലേക്കായി നിർദ്ദേശം നൽകുകയും, നടപടികൾ തുടർന്നു വരികയുമാണ്. അങ്ങനെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് നൂതനമായ ക്ഷേമപദ്ധതികൾ ആരംഭിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ബോർഡിന്റെ ഘടന**

നിയമന ഉത്തരവ് – ജി.ഒ. (ആർ.ടി) 949/2014/ടി.ഡി. 29.11.2014.

ചെയർമാൻ – ശ്രീ. കെ.എം. മാണി, ബഹു. ധനകാര്യ – നിയമ – ഭവന കാര്യമന്ത്രി

വൈസ് ചെയർമാൻ – ശ്രീ. ടി.ഡി. ജോസഫ്.

ഔദ്യോഗിക സർക്കാർ പ്രതിനിധികൾ

1. സെക്രട്ടറി, ടാക്സസ് ഡിപ്പാർട്ട്മെന്റ്
2. പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ടുമെന്റ്
3. പ്രിൻസിപ്പിൽ സെക്രട്ടറി, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്
4. കമ്മീഷണർ ഓഫ് കൊമേഴ്സ്യൽ ടാക്സസ്

5. ജോയിന്റ് കമ്മീഷണർ–1., കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റ്

6. ജോയിന്റ് കമ്മീഷണർ (ലാ), കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റ്

7. ജോയിന്റ് കമ്മീഷണർ (ജനറൽ), കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റ്

8. മെമ്പർ സെക്രട്ടറി ആന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ട്രേഡേഴ്സ് വെൽഫയർ ബോർഡ്.

അനൗദ്യോഗിക പ്രതിനിധികൾ (വ്യാപാരിക്ഷേമ സംഘടനാ പ്രതിനിധികൾ)

1. ശ്രീ. ടി.ഡി. ജോസഫ് (വൈസ് ചെയർമാൻ)
കെ.ജെ. ദേവസ്യം ആന്റ് സൺസ്
എം.എൽ. റോഡ്, കോട്ടയം.

2. ശ്രീ. ടി. നസിറുദ്ദീൻ
ബ്യൂട്ടി സ്റ്റോഴ്സ്, എസ്.എം.സ്ട്രീറ്റ്
കോഴിക്കോട്.

3. ശ്രീ. പെരിങ്ങമ്മല രാമചന്ദ്രൻ
പ്രിയ, പെരിങ്ങമ്മല.പി.ഒ.
പച്ച (വഴി) തിരുവനന്തപുരം.

4. ശ്രീ. എം.കെ. തോമസ് കുട്ടി,
മുത്തുപുന്നയ്ക്കൽ ഏജൻസീസ്
ഈരാറ്റുപേട്ട.പി.ഒ.
കോട്ടയം.

5. ശ്രീ. മാരിയിൽ കൃഷ്ണൻനായർ
മാസ് പ്ലൈവുഡ്സ്,
തൊടുപുഴ.പി.ഒ. ഇടുക്കി–685584.

6. ശ്രീ. ജോബി വി. ചുങ്കത്ത്
പവിഴം ജൂവല്ലറി,
ജി.ബി. റോഡ്, പാലക്കാട്.

7. ശ്രീ. ലിബി എബ്രഹാം
മൂഴയിൽ ജുവല്ലറി
പാലാ.പി.ഒ.
കോട്ടയം – 686575.

8. ശ്രീ. ശ്രീധരൻ.കെ.
കുളത്തുംകാട്ടു ഹൗസ്
കുമാരനല്ലൂർ.പി.ഒ.
മുക്കം, കോഴിക്കോട്.

9. ശ്രീ. എം.ജെ. വർക്കി,
മറ്റത്തിൽ, പ്രിയ ജൂവല്ലേഴ്സ്
പാല, കോട്ടയം.

ബോർഡിന്റെ കാലാവധി മൂന്നു വർഷമാണ്.

## ക്ഷേമനിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

### അംഗത്വം

വ്യാപാരിക്ഷേമബോർഡിൽ പുതിയ അംഗത്വം എടുക്കുന്നതിലേക്കായി പ്രവേശനഫീസും വാർഷിക വരിസഖ്യയും താഴെ പറയുന്ന പ്രകാരമാണ്.

| | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ | ക്ലാസ്സ് | പ്രവേശന ഫീസ് | വാർഷിക വരിസംഖ്യ |
|---|---|---|---|---|
| 1. | 10 ലക്ഷം വരെയുള്ളവർക്ക് | ഡി. | 50 | 250 |
| 2. | 10 ലക്ഷത്തിനു മേൽ 25 ലക്ഷം വരെ | സി. | 200 | 500 |
| 3. | 25 ലക്ഷത്തിനു മേൽ 50 ലക്ഷം വരെ | ബി. | 500 | 1000 |
| 4. | 50 ലക്ഷത്തിനു മുകളിൽ | എ. | 1000 | 2000 |

വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് എ,ബി,സി.,ഡി ക്ലാസ്സുകളായി തരംതിരിച്ചിരിക്കുന്നത് എന്നാൽ വാറ്റ് രജിസ്ട്രേഷനില്ലാത്ത എല്ലാ ചെറുകിട കച്ചവടക്കാരെയും ഡി ക്ലാസ്സ് വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അപേക്ഷയോടൊപ്പം എ,ബി,സി ക്ലാസ്സുകളിൽ വാറ്റ് രജിസ്ട്രേഷന്റെ കോപ്പിയും വാർഷിക റിട്ടേണിന്റെ കോപ്പിയും സമർപ്പി

ക്കേണ്ടതാണ്. ഡി ക്ലാസ്സിന് വ്യാപാര ലൈസൻഡസിന്റെ കോപ്പിയും തിരിച്ചറിയൽ രേഖയുടെ കോപ്പിയും സമർപ്പിക്കേണ്ടതാണ്.

വാർഷിക വരിസംഖ്യ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിൽ അടയ്ക്കേണ്ടതാണ്. കുടിശ്ശിക, ഓരോ മാസത്തിനും 5 രൂപ പിഴയോടെ അതാത് സാമ്പത്തിക വർഷം അവസാനം വരെ അടയ്ക്കാവുന്നതാണ്. ഇപ്രകാരം വാർഷിക വരിസംഖ്യ ഒടുക്കാതിരുന്നാൽ അംഗത്വം നഷ്ടപ്പെടുന്നതാണ്. അംഗത്വ കാർഡു നഷ്ടപ്പടുകയാണെങ്കിൽ 100 രൂപ, ഫീസടച്ചു അപേക്ഷ നല്കുകയാണെങ്കിൽ ഡ്യൂപ്ലിക്കേറ്റ് കാർഡ് ലഭിക്കുന്നതാണ്.

## നിലവിൽ ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ.

**1. മരണാനന്തര ആനുകൂല്യം 2.എക്സ്. ഗ്രേഷ്യ ആനുകൂല്യം 3.പെൻഷൻ**

## (1) മരണാനന്തര ആനുകൂല്യം

14.01.10 ലെ ഏഉ.(ങ.ട) ചീ.36/2010/ഠ.ഉ പ്രകാരം ഒരു ക്ഷേമനിധി അംഗം മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബത്തിന് താഴെ പറയുന്ന സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. മരണപ്പെടുമ്പോൾ ടിയാൾ ക്ഷേമനിധിയിൽ അംഗത്വം എടുത്ത് 180 ദിവസം പൂർത്തിയായവരും മുൻ വർഷങ്ങളിൽ കൃത്യമായി അംഗത്വം പുതുക്കി വരുന്നവരുമായിരിക്കണം.

| | |
|---|---|
| **എ.ക്ലാസ്സ്** | **1,00,000 രൂപ** |
| **ബി.ക്ലാസ്സ്** | **60,000 രൂപ** |
| **സി.ക്ലാസ്സ്** | **40,000 രൂപ** |
| **ഡി.ക്ലാസ്സ്** | **30,000 രൂപ** |

മരണപ്പെട്ട് തൊന്നൂറ് ദിവസത്തിനകം (മൂന്ന് മാസത്തിനുള്ളിൽ) ഈ ആനുകൂല്യത്തിന് വേണ്ടി അവകാശി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്

1. അപേക്ഷ (കുടുംബാംഗങ്ങൾ ചുമതലപ്പെടുത്തുന്ന ആൾ)
2. ഒറിജിനിൽ അംഗത്വകാർഡ്
3. മരണ സർട്ടിഫിക്കറ്റ് ഒറിജിനൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
4. വില്ലേജ് ഓഫീസർ നൽകുന്ന എല്ലാ കുടുംബാംഗങ്ങളുടെയും പേരും വയസ്സും ഉൾപ്പെട്ടഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ്.

5. ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിലെ അംഗങ്ങളെല്ലാം കൂടി ഒരാളെ തുക കൈപ റ്റുന്നതിന് ചുമതലപ്പെടുത്തുന്ന സമ്മതപത്രം.

6. അപേക്ഷ സമർപ്പിക്കുവാൻ 90 ദിവസം കഴിഞ്ഞാൽ ആയതിനുള്ള കാരണം

7. അംഗം മരണപ്പെട്ട വർഷത്തെ അംഗത്വം പുതുക്കിയ വിവരങ്ങൾ (വർഷം, രസീത് നമ്പർ, തീയതി ഉൾപ്പടെ)

മേൽ അപേക്ഷ ക്ലയിംസ് കമ്മിറ്റി പരിശോധിച്ച് തുക പാസാക്കി ബോർഡിന്റെ അംഗികാരം വാങ്ങിയ ശേഷം അവകാശികൾക്ക് തുക നല്കുന്നതിനുള്ള വൗച്ചർ അയച്ച് കൊടുക്കുന്നതാണ്. വൗച്ചറിൽ റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പിട്ട് അവകാശിയുടെ തിരിച്ചറി യൽ രേഖയുടെ കോപ്പി കൂടി അയച്ച് തരുമ്പോൾ തുക ചെക്കായി അയച്ച് തരുന്നതാ ണ്.

## (2) എക്സ്- ഗ്രേഷ്യ ആനുകൂല്യം

ക്ഷേമനിധിയിൽ അംഗമായ വ്യാപാരിയുടെ ,സ്ഥാപനത്തിൽ തീ പിടുത്തമോ പ്രകൃതി ക്ഷോഭം മൂലമോ അക്രമങ്ങൾ മുഖേനയോ നാശനഷ്ടം സംഭവിച്ചാൽ ബോർഡിൽ നിന്നും ധനസഹായം ലഭ്യമാണ്. അതാതു ക്ലാസ്സുകാർക്ക് നിലവിൽ ലഭി ക്കാവുന്ന മരണാനന്തര ആനുകൂല്യത്തിൽ കൂടാത്ത നഷ്ടപരിഹാര ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും. അർഹതയുള്ളവർ ആവശ്യമായ രേഖകൾ സഹിതം നഷ്ടം സംഭവിച്ച് 1 (ഒരു) മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. അംഗത്തിന്റെ അപേക്ഷ (നഷ്ടം രേഖപ്പെടുത്തി)

2. അംഗത്വം കാർഡിന്റെ പകർപ്പ്

3. അംഗത്വം പുതുക്കിയ വിവരങ്ങൾ

4. തീപിടുത്തമാണെങ്കിൽ ഫയർഫോഴ്സിന്റെ സർട്ടിഫിക്കറ്റ്/ആക്രമണം/ അപകട മാണെങ്കിൽ പോലീസ് എഫ്.ഐ. ആർ/വെള്ളപ്പൊക്കമാണെങ്കിൽ റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ്.

5. അനുബന്ധ ഫോട്ടോകൾ/പത്രവാർത്തകൾ

6. കാലതാമസത്തിനുള്ള കാരണം.

5. സംഭവം നടന്നയുടൻ ഓഫീസ് നമ്പരായ 0471–2474049–ൽ അറിയിക്കുകയും ഒപ്പം ഓഫീസ് ഇമെയിലിൽ traders.welfare.board@gmail.com ൽ ഒരപേക്ഷ നൽകുകയുംല അതോടൊപ്പം ഒരു കോപ്പി തപാലിലും അയയ്ക്കേണ്ടതാണ്. ഇവ ആവശ്യപ്പെടുന്നത് സി.ഇ.ഒ.യ്ക്ക് എത്രയും പെട്ടെന്ന് അന്വേഷണം നടത്തി റിപ്പോർട്ട് ക്ലയിംസ് കമ്മിറ്റി യിൽ വയ്ക്കുന്നതിനു വേണ്ടിയാണ്.

അപേക്ഷ സമർപ്പിക്കാൻ കാലതാമസമുണ്ടെങ്കിൽ അതിന്റെ കാര്യകാരണ സഹിതം അപേക്ഷിക്കേണ്ടതാണ്. മൂന്ന് മാസവരെയുള്ള കാലതാമസം ബോർഡിന് തീരുമാനിക്കാവുന്നതാണ്. അതിനു ശേഷമുള്ള കാലതാമസം പരിഹണിക്കുന്നതല്ല.

## (3) പെൻഷൻ

19/11/2009 ലെ ജി.ഒ.(എം.എസ്.) നം. 207/10 നി.വ., 23.04.10 ലെ ജി.ഒ.(എം.എസ്) നം. 110/20/10/ാഉ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് ക്ഷേമനിധിയിൽ 10 വർഷത്തിൽ കുറയാതെ അംഗത്വമുള്ളവർക്കും 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്കും വരുമാന പരിധി നോക്കാതെ പെൻഷൻ അനുവദിക്കുന്നത്. പതിവ് താഴെ പറയുന്ന പ്രകാരമാണ് പ്രതിമാസ പെൻഷൻനിരക്ക്. സ്വാതന്ത്ര്യ സമര പെൻഷൻ/ എക്സ് സർവ്വീസ് പെൻഷൻ /എന്നിവ ഒഴിച്ച് മറ്റു ബോർഡുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ, സർക്കാരിൽ നിന്നോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർക്ക് വ്യാപരി പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല.

01.04.2013 മുതൽ

| | |
|---|---|
| എ.ക്ലാസ്സ് | 1100 |
| ബി.ക്ലാസ്സ് | 900 |
| സി.ക്ലാസ്സ് | 800 |
| ഡി.ക്ലാസ്സ് | 750 |

പെൻഷൻ അപേക്ഷ ഓഫീസിൽ ലഭിക്കുന്ന തീയതി മുതൽക്ക പെൻഷന് അർഹതയുള്ളു. അപേക്ഷ ലഭിക്കുന്ന തീയതി മുതലുള്ള കുടിശ്ശിക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. അപേക്ഷ 15-ാം തീയതിക്ക് മുമ്പാണെങ്കിൽ ആ മാസത്തെ പെൻഷനും അതിന് ശേഷമാണെങ്കിൽ അടുത്തമാസം മുതലുള്ള പെൻഷനെ ലഭിക്കുകയുള്ളൂ.അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

ശ) അംഗത്വ കാർഡിന്റെ പകർപ്പ്.

ശശ) അപേക്ഷ ലഭിച്ച തന്നാണ്ടു വർഷത്തെ വ്യാപാരത്തിനുള്ള ലൈസൻസിന്റെ പകർപ്പ് ഗസറ്റഡ് ഉദ്ധ്യോ ഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്. ഇവലഭ്യമല്ലാത്ത സാഹചര്യത്തിൽ ലേബർ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പരിഗണിക്കുന്നതാണ്.

ശശശ) 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ

ശ്) വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയുടെ സഗസറ്റഡ് ഉദ്ധ്യോഗസ്ഥൻ സാക്ഷ്യ

പ്പെടുത്തിയ പകർപ്പ്.

മേൽവയസ് രേഖയുടെ അഭാവത്തിൽ അസി. സർജൻ റാങ്കിൽ കുറയാത്ത ഡോക്ടറുടെ വയസ്സ് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കേണ്ടതാണ് അതോടൊപ്പം വയസ്സ് തെളിയിക്കുന്നതിന് മറ്റു രേഖകൾ ഇല്ല എന്ന് അപേക്ഷകന്റെ ഒരു സത്യവാങ്മൂലം കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

̆ശ) ;ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യപ്പെടുന്ന മറ്റു രേഖകൾ (പെൻഷൻ അപേക്ഷയിലെ കോളം 3,4,9 ഇവ നിബന്ധമായും പൂരിപ്പിച്ചിരിക്കണം.)

പെൻഷൻ ലഭിക്കുന്ന അംഗങ്ങൾ എല്ലാ വർഷവും മെയ് മാസം 31 നു മുമ്പായി ഗസറ്റഡ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ലൈഫ് സർട്ടിഫിക്കറ്റിൽ പെൻഷനറുടെ ഒപ്പോ വിരലടയാളമോ അതോടൊപ്പം അംഗത്വ നമ്പരും നിർബന്ധമായും എഴുതിയിരിക്കണം.

60 വയസ്സിനുമേൽ കച്ചവടം നിർത്തിയവർക്ക് പെൻഷൻ മാത്രം മതിയെങ്കിൽ വരി സംഖ്യ അടക്കേണ്ടതില്ല. എന്നാൽ മറ്റു ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വരി സംഖ്യ തുടർന്നും അടക്കേണ്ടതാണ്.

**ചീഫ് എക്സിക്യൂട്ടീവ് ആഫീസർ**

നിലവിൽ പെൻഷൻ നൽകുന്നത്. – 01.04.2013 മുതൽ 30.09.2013 വരെ

മരണാനന്തര ആനുകൂല്യം നൽകുന്നത് – 31.03.2013 വരെ ലഭിച്ച അപേക്ഷകളിൽ

എക്സ്ഗ്രേഷ്യാ ആനുകൂല്യം നൽകുന്നത് – 31.07.2014 വരെ ലഭിച്ച അപേക്ഷകളിൽ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ – എസ്. പ്രകാശ്

അക്കൗണ്ട്സ് ഓഫീസർ – എം. മുരളീധരൻ പിള്ള